# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2475** **14/06/2019-ൽ മറുപടിയ്ക്ക്**

## റിസ്ക് ഫണ്ടിൽ നിന്ന് അനുവദിക്കുന്ന തുക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സജി ചെറിയാൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| സഹകരണസംഘങ്ങൾ, ജില്ലാ സഹകരണ ബാങ്ക്, വിവിധ സർവ്വീസ് പ്രാഥമിക സഹകരണസംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നും വായ്പ എടുക്കുന്ന ഗുണഭോക്താക്കൾ രോഗികളാകുകയോ മരണപ്പെടുകയോ ചെയ്യുമ്പോൾ റിസ്ക് ഫണ്ടിൽ നിന്ന് അനുവദിക്കുന്ന പരമാവധി തുകയായ 1.5 ലക്ഷം രൂപ വളരെ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റിസ്ക് ഫണ്ട് തുക കാലോചിതമായി വർദ്ധിപ്പിച്ച് സഹകാരികൾക്ക് കൂടുതൽ ആശ്വാസം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | തുക കുറവാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിസ്ക്ഫണ്ട് ധനസഹായം മരണപ്പെട്ട വായ്പക്കാർക്കുള്ള 1.5 ലക്ഷം രൂപയിൽ നിന്നും 2 ലക്ഷം രൂപയായി ഉയർത്തുന്നതിനും, മാരകരോഗം പിടിപെട്ടവർക്ക് നൽകുന്ന 75,000/- രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി ഉയർത്തുന്നതിനുമുള്ള നിയമാവലി ഭേദഗതി ചെയ്യുന്ന വിഷയത്തിൽ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ